(എഫ്) യഥാസമയം ആവശ്യമായ തുക ജില്ലാ കളക്ടർമാർക്ക് അനുവദിക്കുവാനും അപേക്ഷകർക്ക് അടിയന്തിരമായി ധനസഹായം നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

39 (2224) ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അപേക്ഷകളിന്മേൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ അനുവദിച്ച തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 52 പേർക്കായി 75,000/-രൂപ (എഴുപത്തി അയ്യായിരം രൂപ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) കാലതാമസം കൂടാതെതന്നെ ഈ തുക അതാത് താലൂക്ക് തഹസീൽദാർമാർ വിതരണം നടത്തിയിട്ടുണ്ട്.

40 (2225) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച്

ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഫയലിംഗ് അധികാരത്തോടുകൂടിയ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇക്കാര്യത്തിനായി ഈ ഗവൺമെന്റ് ഏതെല്ലാം തീയതികളിലാണ് കേന്ദ്രഗവണ്മെന്റിന് കത്തെഴുതിയത്;

(സി) കേന്ദ്രത്തിൽനിന്നും ലഭിച്ച മറുപടി എന്തായിരുന്നു;

(ഡി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ)-(സി) ജസ്വന്ത്സിംഗ് കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകളും സംസ്ഥാന പുനഃസംഘടനാ നിയമത്തിലെ വ്യവസ്ഥകളും പാലിച്ചുകൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും ഇക്കാര്യത്തിൽ തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനമെടുക്കാനാവു. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് 19.1.96-ൽ അന്നത്തെ സർക്കാർ കേന്ദ്രസർക്കാരിന് കത്ത് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിന് 25.2.'96 ൽ കേന്ദ്ര നിയമവ കുപ്പുമന്ത്രി സംസ്ഥാന സർക്കാരിനയച്ച മറുപടിയിലും ഈ വസ്തുതകൾ പരാമർശിച്ചിരുന്നു. ഒ.പി. 20096/97 ആയി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സ് കോടതി തള്ളുകയാണുണ്ടായത്.

(ഡി) ഒ.പി. 20096/97-ൽ ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന്റെ ആവശ്യം നിരാകരിച്ചുകൊണ്ട് വിധി പ്രസ്താവിച്ചിട്ടുണ്ട്.

41 (2226) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി.ജെ. ജോയി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് രൂപീകരിച്ച സൊസൈറ്റിയുടെ ഘടന എന്തായിരുന്നു;

(ബി) സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാം ആയിരുന്നു;

(സി) സൊസൈറ്റിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പ്രവർത്തനം നടക്കുന്നുണ്ടോ;

(ഡി) വിമാനത്താവളത്തിന്റെ ഉടമസ്ഥാവകാശം പുതുതായി രൂപീകരിച്ച കമ്പനിക്കാണോ; സൊസൈറ്റിക്കാണോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സൊസൈറ്റി 1955 ലെ തിരുവിതാംകൂർ കൊച്ചി ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റി ആണ്.

(ബി) ഗവേണിംഗ് ബോഡിയുടെ ഭൂരിഭാഗം അംഗങ്ങൾ സംസ്ഥാന മന്ത്രിമാരും ഗവണ്മെന്റ് സെക്രട്ടറിമാരുമാണ്. സംസ്ഥാന മുഖ്യമന്ത്രിയാണ് സൊസൈറ്റിയുടെ ചെയർമാൻ. ഗവേണിംഗ് ബോഡിയുടെ അംഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) സൊസൈറ്റി ഇപ്പോഴും പ്രവർത്തനം തുടരുന്നു.

(ഡി) വിമാനത്താവളത്തിന്റെ ഉടമസ്ഥാവകാശം പുതിയതായി രൂപീകരിച്ച കമ്പനിക്കാണ്.

42 (2227) കിഴക്കേകോട്ടയിൽ കാർ പാർക്കിംഗ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly